# കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ
## (ഐ.എൻ.ടി.യു.സി)

# പ്രക്ഷോഭത്തിലേക്ക്

**2019 ജൂലായ്**

**23 24**

## ദ്വിദിന സത്യാഗ്രഹം

**തിരുവനന്തപുരം - പട്ടം**

**വൈദ്യുതിഭവന് മുമ്പിൽ**

മാന്യരെ ,

ഇടതു പക്ഷ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന കാലഘട്ടത്തിൽ എല്ലാം തന്നെ കടുത്ത തൊഴിലാളി ദ്രോഹ നടപടികളും ഉപഭോക്തൃ ദ്രോഹ നടപടികളും കൊണ്ട് വൈദ്യുതി മേഖല പ്രശ്നങ്ങൾ കൊണ്ട് സങ്കീർണ്ണമാണ്. മനേജ്മെന്റിന്റ പിടിപ്പുകേടും, ദീർഘവീക്ഷണമില്ലായ്മയും, സാമ്പത്തിക അരാജകത്വം സൃഷ്ടിക്കുന്നു. അസഹിഷ്ണുതയും, തങ്ങൾ മാത്രം ശരിയെന്ന മൂഢ വിശ്വാസവും തിരുവായ്ക്ക് എതിർവായില്ലായ്മയും, കൂടിയാവുമ്പോൾ സ്ഥാപനം നഷ്ടത്തിന്റെ പടുകുഴിയിലേക്ക് വീഴുന്നു . തൊഴിലാളികളും പെൻഷൻകാരും വഴിയാധാരമാവുന്നു.

ഇടതുഭരണത്തിൽ ബോർഡിന്റെ നയപരമായ തീരുമാനത്തിൽ മൊത്തിൽ കോൺട്രാക്ട് ഏറ്റെടുത്ത്, അംഗീകാരത്തിന്റെ ധാർഷ്ട്യവുമായ് CITUവും AITUC യും സോൾബാർഗേയിനിംഗ് പവ്വറായി തീരുമാനമെടുത്തിട്ട് INTUC ക്കാരെ തെറിപറഞ്ഞ് നടക്കുന്നത് വിരോധാഭാസമാണ്.

അപ്രഖ്യാപിത നിയമന നിരോധനം നടത്തി, പ്രമോഷനുകൾ മരവിപ്പിച്ച് Retire ചെയ്യുന്ന ഒഴിവുകൾ പോലും നികത്താതെ Working Strength പോസ്റ്റിംഗ് സ്ട്രെങ്ങ്ത്താക്കി, കാലവും സമയവുമില്ലാതെ, ഫീൽഡ് ജീവനക്കാരെ അടിമകളെ പോലെ പണിചെയ്യിപ്പിക്കുന്നു. മോഡൽ സെക്ഷൻ എന്നപേരിൽ കഴിഞ്ഞ ഇടതു ഭരണത്തിൽ കൊണ്ടുവന്ന തുഗ്ളക്ക് പരിഷ്കാരം വിതരണമേഖല ഏറെക്കുറേ തകർത്തു കഴിഞ്ഞു. പഴകി ദ്രിവിച്ച അലൂമിനിയം കണ്ടക്റ്റർ മാറ്റാതെ (റീകണ്ടക്റ്ററിൽ മുപ്പത് ശധമാനം പോലും ആയിട്ടില്ലന്ന് അറിയുന്നു) സമയബന്ധിതമായി മെയ്ൻന്റനൻസ് നടത്താതെ - നടത്തിക്കാതെ, **വിതരണമേഖല അപകടമേഖലയാക്കി ജീവനക്കാരെ ജയിലറയിലേക്കും കാലപുരിയിലേക്കും അയക്കുമ്പോഴും പഴി സുരക്ഷേക്കും ഉത്തരവാതിത്വം ഫീൽഡ് ജീവനക്കാർക്കും. ബോർഡിന്റെ ചരിത്രത്തിലാദ്യമായി ഒരു ജീവനക്കാരൻ സേഫ്റ്റിയുടെ പേരിൽ റിമാന്റിലാണ്. ഈ ജീവനക്കാരനെ പുറത്തിറക്കാനോ സംരക്ഷിക്കാനോ ബോർഡ് മാനേജ്മെന്റ് തയ്യാറാവാത്തത് പ്രതിഷേധാർഹമാണ്.** ഇത്തരത്തിൽ ഒത്തിരി പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് കൊണ്ടാണ് UDEEF നേതൃത്ത്വം നൽകുന്ന KEEC പ്രക്ഷോപത്തിനിറങ്ങുന്നത്. സത്യാഗ്രഹം വിജയപ്രദമാക്കാൻ സാനിദ്ധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## സമരത്തിനാധാരമായ പ്രധാന വിഷയങ്ങൾ

- CEA റെഗുലേഷന്റെ മറവിൽ എല്ലാ പ്രമോഷനുകളും തഞ്ഞുവെച്ച ബോർഡ് മാനേജ്മെന്റിനും ഇടത് സർക്കാരിനുമെതിരെ
- സേഫ്റ്റിയുടെ മറവിൽ ഫീൽഡ് ജീവനക്കാർക്കെതിരെ പക്ഷാപാത പരമായി നടത്തുന്ന ശിക്ഷാനടപടികൾക്കെതിരെ
- പോസ്റ്റിങ്ങ് സ്ട്രെങ്ങ്തിന്റെ മറവിൽ ജീവനക്കാരുടെ എണ്ണം വെട്ടി കുറക്കുന്നതിനെതിരെ
- ഓൺലൈൻ ട്രാൻസ്ഫറിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി എടുക്കുക
- KSEB Ltd നെ സാമ്പത്തികമായി തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി എടുക്കുക
- പുരപ്പുറ സോളാർ, Transgrid, PMU, Kfon, LED ബൾബ് തുടങ്ങിയ പദ്ധതികൾ വഴിയുള്ള അഴിമതി അന്വേഷിച്ച് നടപടി എടുക്കുക
- പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്ക് നൽകുവാനുള്ള കുടിശ്ശിക ഉടൻ നൽകുക
- തൊഴിലാളികൾക്ക് ഏറെ ദോഷകരമായ പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുക
- പെൻഷൻ പ്രായം ഉയർത്തുക
- **UDF** ന്റെ കാലത്ത് ലാഭത്തിലായ **KSEB Ltd** ഇപ്പോൾ സമ്പത്തിക നഷ്ടം ഉണ്ടായത് എങ്ങനെയെന്ന് ധവളപത്രം ഇറക്കുക
- ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുക
- ശമ്പള പരിഷ്ക്കരണ ചർച്ച ഉടൻ ആരംഭിക്കുക.

**KEEC (INTUC) സിന്ദാബാദ്... UDEEF സിന്ദാബാദ്**

**കെ. മുരളീധരൻ എം.പി, കെ.പി ധനപാലൻ Ex MP,**

**കെ.സി.രാജൻ, എ. ഷാഹുൽ ഹമീദ് സിന്ദാബാദ്**

*orion prints vnr / 9995282222*